**<u>വനിത - ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>**
**<u>( ഹാജർ: ഷീബ ജോർജ്ജ്, ഐ.എ.എസ്)</u>**

**<u>ഉത്തരവ് നം ഇ1/36530/17/ഡബ്ല്യു.സി.ഡി</u>** തിരുവനന്തപുരം, തീയതി: 12/02/2018

വിഷയം: വനിത - ശിശു വികസന വകുപ്പ് - ജീവനക്കാര്യം - ശ്രീമതി ജാസ്മിൻ.കെ. ശിശു വികസന പദ്ധതി ഓഫീസർ - സർവ്വീസ് റഗുലറൈസ് ചെയ്ത് ഉത്തരവാകുന്നു.

പരാമർശം:
1. പത്തനംതിട്ട ജില്ലാ പോലീസ് സൂപ്രണ്ടിന്റെ 615/VR/S/SB/16 നമ്പർ കത്ത്.
2. ജിഒ(ആർറ്റി) നം 663/2015/എസ്ജെഡി തീയതി 07/11/2015.

വനിത - ശിശു വികസന വകുപ്പിൻ കീഴിൽ റാന്നി അഡീഷണൽ ഐസിഡിഎസിൽ ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി ജാസ്മിൻ.കെ സർക്കാർ സർവ്വീസിന് അനുയോജ്യയാണെന്ന് പരാമർശം (1) പ്രകാരം പത്തനംതിട്ട ജില്ലാ പോലീസ് സൂപ്രണ്ട് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീമതി ജാസ്മിൻ.കെയ്ക്ക് പരാമർശം (2) പ്രകാരം സർക്കാർ നേരിട്ടാണ് നിയമനം നൽകിയിട്ടുള്ളത്. ആയതിനാൽ ടിയാളുടെ സർവ്വീസ് റഗുലറൈസ് ചെയ്യുന്നതിന് കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ വെരിഫിക്കേഷൻ ആവശ്യമില്ല.

ഈ സാഹചര്യത്തിൽ 27/11/2015 പൂർവ്വാഹനത്തിൽ ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി ജാസ്മിൻ.കെയുടെ ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിലെ സർവ്വീസ് പരാമർശം (1) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 27/11/2015 പൂർവ്വാഹ്നം പ്രാബല്യത്തിൽ റഗുലറൈസ് ചെയ്ത് ഉത്തരവാകുന്നു.

(ഒപ്പ്)
**വനിത - ശിശു വികസന ഡയറക്ടർ**

ശ്രീമതി ജാസ്മിൻ.കെ,
ശിശു വികസന പദ്ധതി ഓഫീസർ,
റാന്നി അഡീഷണൽ ഐസിഡിഎസ്.

<u>പകർപ്പ്.</u>

1. അക്കൗണ്ട് ജനറൽ, തിരുവനന്തപുരം.(ആമുഖ കത്ത് സഹിതം)
2. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്